# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
## എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം
*(ഹാജർ:- ശ്രീ. എസ്. ഹരികിഷോർ ഐഎഎസ്)*

വിഷയം: കുടുംബശ്രീ - ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി – സെൽഫ് എംപ്ലോയ്മെന്റ് പ്രോഗ്രാം - സംരംഭകത്വ വികസന പരിശീലനം സംഘടിപ്പിക്കുന്നതിന് - തുക അനുവദിച്ച് ഉത്തരവാകുന്നത് -സംബന്ധിച്ച്

പരാമർശം:1. 05.12.2018-ലെ തളിപ്പറമ്പ നഗരസഭാ സെക്രട്ടറിയുടെ CDS 27465/15 നമ്പർ കത്ത്

2. 12.12.2018-ലെ നെടുമങ്ങാട് നഗരസഭാ സെക്രട്ടറിയുടെ UPA-2178/16 നമ്പർ കത്ത്

***NULM 010 ഉത്തരവ് നമ്പർ 9153/F/2015/KSHO(1) തീയതി 16..01.2019***

ദേശീയ നഗര ഉപജീവന മിഷന്റെ സ്വയംതൊഴിൽ ഘടക പദ്ധതി പ്രകാരം നഗര ദരിദ്രർക്ക് അവരെ സ്വയംപര്യാപ്തമാക്കുന്നതിലേയ്ക്കായി തങ്ങളുടെ സാഹചര്യങ്ങൾക്കും അഭിരുചിക്കും, നൈപുണ്യങ്ങൾക്കും അനുസരിച്ചുള്ള തൊഴിൽ പരിശീലനം നൽകുന്നതിനും മെച്ചപ്പെട്ട സ്വയം തൊഴിൽ സംരംഭങ്ങൾ/ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനും ധനസഹായം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നു.

നൈപുണ്യ പരിശീലന പരിപാടികൾക്ക് പുറമെ വ്യക്തികൾക്കും, കൂട്ടു സംരംഭകർക്കും 3-7 ദിവസത്തെ സംരംഭകത്വ വികസന പരിപാടി നഗരസഭകൾ സംഘടിപ്പിക്കുന്നതിനും; ഒരു സംരംഭത്തിന്റെ നടത്തിപ്പ്, അക്കൗണ്ടിംഗ്, സാമ്പത്തിക നിർവ്വഹണം, വിപണനം, നിയമപരമായ നടപടിക്രമങ്ങൾ, വിലനിശ്ചയിക്കൽ, വരുമാന വിശകലനം തുടങ്ങിയ അടിസ്ഥാന വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും പദ്ധതി പ്രാധാന്യം നൽകുന്നു. കൂടാതെ കൂട്ടു സംരംഭകർക്കായി സംഘബലതന്ത്രം, തൊഴിൽ വിഭജനം, ലാഭം വീതം വയ്ക്കൽ എന്നീ വിഷയങ്ങളിലും പരിശീലനം നൽകുന്നു.

പരാമർശ പ്രകാരമുള്ള നഗരസഭകൾ തങ്ങളുടെ നഗരസഭയിൽപ്പെട്ട സ്വയംതൊഴിൽ സംരംഭകർക്ക് നിശ്ചിത ദിവസം പദ്ധതി പ്രകാരമുള്ള സംരംഭകത്വ പരിശീലനം നൽകുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് തുക അനുവദിക്കുന്നതിനും ബഡ്ജറ്റ് സഹിതം അപേക്ഷിച്ചിട്ടുണ്ട്.

സംരംഭകത്വ വികസന പരിശീലനം സംഘടിപ്പിക്കുന്നതിന് നഗരസഭയുടെ/നഗരസഭയ്ക്ക് വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ/ഹാളുകൾ ഉപയോഗിക്കേണ്ടതാണ്. കൂടാതെ ആഡിറ്റോറിയങ്ങൾ, സദ്യാലയങ്ങൾ, കല്യാണമണ്ഡപങ്ങൾ, ആരാധനാലയങ്ങളോടു ചേർന്നുള്ള ഹാളുകൾ തുടങ്ങി വാടകരഹിതമായി ലഭിക്കുന്നവയിൽ പരിശീലനം

സംഘടിപ്പിക്കാവുന്നതാണ്. ടി സ്ഥാപനങ്ങൾ സൗജന്യമായി ലഭിക്കുന്നതിന് നഗരസഭാ സെക്രട്ടറി ബന്ധപ്പെട്ടവർക്ക് അപേക്ഷ നൽകേണ്ടതുമാണ്.

നഗരസഭകൾ സമർപ്പിച്ചിട്ടുള്ള ബഡ്ജറ്റ് പരിശോധിച്ചിട്ടുള്ളതും, ആവശ്യമുള്ളവയിൽ ചില അനിവാര്യ ഭേദഗതികൾ വരുത്തി അംഗീകരിച്ചിട്ടുള്ളതുമാണ്. എംഇസി ഫാക്കൽറ്റിമാർക്കുള്ള ഓണറേറിയം പ്രതിദിനം പരമാവധി 750/-രൂപയിൽ നിജപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. അംഗീകരിച്ച ബഡ്ജറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

| ക്രമ നം. | നഗരസഭയുടെ പേര് | പരിശീലനം നൽകുന്ന ഏജൻസി | പരിശീലനാർത്ഥികളുടെ എണ്ണം | പരിശീലന ദിവസങ്ങളുടെ എണ്ണം | ബാച്ചുകളുടെ എണ്ണം | അംഗീകരിച്ച ബഡ്ജറ്റ് തുക (രൂപയിൽ) | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1. | തളിപ്പറമ്പ | MEC | 40 | 4 | 1 | 38900 | Budget Revised |
| 2. | നെടുമങ്ങാട് | MEC | 50 | 4 | 1 | 42700 | |
| **Total** | | | 90 | 8 | 2 | 81600 | |

(എൺപത്തിയൊന്നായിരത്തി അറുന്നൂറ് രൂപ മാത്രം)

മേൽ സാഹചര്യത്തിൽ പട്ടിക പ്രകാരമുള്ള തുക എൻയുഎൽഎം സ്വയംതൊഴിൽ സംരംഭ പദ്ധതിയുടെ ഭാഗമായുള്ള സംരംഭകത്വ വികസന പരിശീലനത്തിന് അതത് നഗരസഭകൾക്ക് സംസ്ഥാന മിഷനിൽ നിന്ന് അനുവദിച്ചു ഉത്തരവാകുന്നു. പരമാവധി ചുരുക്കി തുക ചെലവ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതും ഇതുമായിബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും സൂക്ഷിക്കേണ്ടതുമാണ്.

പ്രസ്തുത ചെലവ് NULM ന്റെ ഇഎസ്റ്റി& പി ശീർഷകത്തിൽ ഇഡിപി ട്രെയിനിംഗ് പ്രോഗ്രാം എന്ന ശീർഷകത്തിൽ (2.2) വകയിരുത്തേണ്ടതാണ്. പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

ഉള്ളടക്കം : അനുബന്ധം

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

To

1. അക്കൗണ്ട്സ് സെക്ഷൻ - തുക അനുവദിക്കുന്നതിന്
2. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി

പകർപ്പ്

1. ബന്ധപ്പെട്ട ജില്ല മിഷൻ കോ-ഓർഡിനേറ്റർമാർക്ക്
2. ബന്ധപ്പെട്ട സിറ്റി പ്രോജക്ട് ഓഫീസർമാർക്ക്
3. ബന്ധപ്പെട്ട സിറ്റി മിഷൻ മാനേജർമാർക്ക്
4. കരുതൽ / അധികം

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ.

| ക്രമ നം. | നഗരസഭ | ഘടകം/തുക | | | | | | | | അക്കൗണ്ട്സ് വിവരം |
|---|---|---|---|---|---|---|---|---|---|---|
| | | സ്റ്റേഷനറി (നോട്ട് ബുക്ക്, പേന, ട്രെയിനിംഗ് മെറ്റീരിയൽ) | ഭക്ഷണം | പി.എ. സിസ്റ്റം, എൽസിഡി, പ്രോജക്ടർ | ഫാക്കൽറ്റി ഓണറേറിയം /+TA | ബാനർ | ഫോട്ടോ ഡോക്യുമെന്റേഷൻ | മറ്റിനങ്ങൾ | ആകെ | |
| 1. | തളിപ്പറമ്പ | 2400 | 19200 | 6000 | 10100 | 450 | 750 | | 38900 | No. 1806102000000602, NULM Thaliparamba Municipality, IDBI Bank Thaliparamba, IBKL0001806 |
| 2. | നെടുമങ്ങാട് | 2500 | 24000 | 6000 | 9000 | 450 | 750 | 0 | 42700 | Bank: Union Bank of India Branch: Nedumangad Account no: 556202010014967 IFSC code: UBIN0555622, name - Secretary and City project officer |
| **TOTAL** | | | | | | | | | **81600** | |

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ